**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1643** **28-07-2021 - ൽ മറുപടിയ്ക്ക്**

**റേഷൻ കാർഡുകൾ സംബന്ധിച്ച പരാതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | **Shri G R Anil**<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | എ.പി.എൽ., ബി.പി.എൽ കാർഡുകൾ സംബന്ധിച്ച് നിലവിലുള്ള പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദവിവരം നൽകുമോ; | (എ) | നിലവിൽ പുതിയ റേഷൻ കാർഡ് അനുവദിക്കുമ്പോൾ മുൻഗണനേതര നോൺ സബ്സിഡി വിഭാഗത്തിൽപ്പെട്ട കാർഡാണ് നൽകുന്നത്. മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തുന്നതിന് ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/ സിറ്റി റേഷനിംഗ് ഓഫീസുകളിൽ സമർപ്പിക്കുന്ന അപേക്ഷകൾ പരിശോധിച്ച് നിലവിലുള്ള മാനദണ്ഡപ്രകാരം ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകി 30 മാർക്കോ അതിൽ കൂടുതലോ, ലഭിക്കുന്ന കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കി സിവിൽ സപ്ലൈസ് ഡയറക്ടറുടെ അംഗീകാരത്തിന് വിധേയമായി ഒഴിവുകൾ ലഭ്യമാകുന്ന മുറയ്ക്ക് സീനിയോറിറ്റി പ്രകാരം മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി വരുന്നു. സംസ്ഥാനത്തിന് അനുവദനീയമായ മുൻഗണനാ ഒഴിവുകൾ പരിമിതമായതിനാൽ അനർഹരെ കണ്ടെത്തി ഒഴിവാക്കുന്ന മുറയ്ക്ക് മാത്രമേ മേൽപ്പറഞ്ഞ പട്ടികയിൽ നിന്ന് അർഹരെ ഉൾപ്പെടുത്താൻ സാധിക്കുകയുള്ളൂ. മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം ഒരു തുടർ പ്രക്രിയയായതിനാൽ അനർഹരെ ഒഴിവാക്കി അർഹരെ ഉൾപ്പെടുത്തുന്ന നടപടികൾ തുടരുന്നതാണ്. |
| (ബി) | പ്രസ്തുത വിഷയം സംബന്ധിച്ച് നാളിതുവരെ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിവരങ്ങൾ നൽകുമോ? | (ബി) | മുൻഗണനാ കാർഡുകളുമായി ബന്ധപ്പെട്ട് 2,19,564 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. ജില്ല തിരിച്ചുള്ള പട്ടിക ചുവടെ ചേർക്കുന്നു. ജില്ല ലഭിച്ച അപേക്ഷകളുടെ എണ്ണം തിരുവനന്തപുരം 22340 കൊല്ലം 14935 പത്തനംതിട്ട 4325 ആലപ്പുഴ 10410 കോട്ടയം 10908 ഇടുക്കി 2869 എറണാകുളം 11535 തൃശ്ശൂർ 23211 പാലക്കാട് 31973 മലപ്പുറം 50229 കോഴിക്കോട് 13763 വയനാട് 2935 കണ്ണൂർ 11552 കാസർഗോഡ് 8579 ആകെ 219564 |

സെക്ഷൻ ഓഫീസർ